മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.16.12.2022

സർക്കുലർ

പ്രിയപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സൺ,

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ വിവിധ ജില്ലകളിലും ബ്ലോക്കുകളിലും നിലവിലുണ്ടായിരുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തുന്നതിന് നമുക്ക് ഇതിനകം കഴിഞ്ഞു. 450 വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം പൂർത്തിയാക്കി പരിശീലനം സംഘടിപ്പിക്കുകയും അവരെ നവംബർ ആദ്യവാരത്തിൽ സോഷ്യൽ ഓഡിറ്റ് ചുമതലകൾ ഏൽപിക്കുകയും ചെയ്തു. 90 ബ്ലോക്കുകളിലാണ് ഇത്തരത്തിൽ പുതുതായി വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ നിയമനം പൂർത്തിയാക്കിയത്.

2022 നവംബർ മാസത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി വിലയിരുത്തുമ്പോൾ, പുതുതായി റിസോഴ്സ് പേഴ്സൺമാരുടെ നിയമനം നടത്തിയതിന്റെ നേട്ടം കാണുന്നതിന് കഴിയുന്നില്ല. 30 ശതമാനത്തോളം വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് ഒരു ഗ്രാമസഭപോലും പൂർത്തിയാക്കി നവംബർ മാസത്തെ വേതനം നേടുന്നതിന് കഴിഞ്ഞിട്ടില്ല. ഇത് ജില്ല-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഫലപ്രദമായ കോ-ഓർഡിനേഷന്റെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന്റെയും പോരായ്മമൂലം സംഭവിച്ചതാണ്.

കൊല്ലം, കോട്ടയം, മലപ്പുറം ഒഴികെയുള്ള 11 ജില്ലകളിലെ 30 ബ്ലോക്കുകളിൽ ഒരു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ പോലും സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്നത് ഗൗരവമായി വിലയിരുത്തപ്പെടേണ്ടതാണ്. മാത്രവുമല്ല ഈ ബ്ലോക്കുകളിലെ ബി.ആർ.പി ഇൻ-ചാർജ്ജിന്റെ വേതനമായി 24-25 ദിവസങ്ങൾ ശുപാർശ ചെയ്ത് എസ്.എ.യുവിലേക്ക് അയച്ചുവെന്നത് ഏറെ ഗൗരവമായി കാണണം. വില്ലേജ് റിസോഴ്സ് പേഴ്സൺമാരോടൊപ്പം ഗ്രാമസഭാ സംഘാടനം, നടത്തിപ്പ് ഉൾപ്പെടെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കാത്ത ബ്ലോക്കുകളിലെ ബി.ആർ.പി ഇൻ-ചാർജ്ജ്മാരുടെ വേതനത്തിനായുള്ള ശുപാർശ യാതൊരു കാരണവശാലും ജില്ലാ റിസോഴ്സ് പേഴ്സൺമാർ എസ്.എ.യു വിലേക്ക് അയയ്ക്കാൻ പാടില്ല.

2022-23 സാമ്പത്തിക വർഷം നമ്മുടെ സംസ്ഥാനം സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്ന സംസ്ഥാനമായി മാറ്റേണ്ടതുണ്ട്. 2023 മാർച്ച് ആദ്യവാരത്തിൽ തന്നെ ഇത്തരമൊരു ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയുംവിധമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനായി മുഴുവൻ പേരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ബി.ആർ.പി.മാർക്കും
2. എല്ലാ ബി.ആർ.പി.ഇൻ-ചാർജ്ജ്മാർക്കും